## പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2560** — 14.02.2013-ൽ മറുപടിക്ക്

## സ്വകാര്യ ലാബുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. കെ. കെ. ലതിക : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആരോഗ്യരംഗത്തെ ടെസ്റ്റുകൾ നടത്തുന്ന എത്ര സ്വകാര്യ ലാബുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | സ്വകാര്യ ലാബുകളെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ഈ വകുപ്പ് തയ്യാറാക്കിയിട്ടില്ല. |
| (ബി) നിർദ്ദിഷ്ട യോഗ്യതയുള്ളവരാണോ പ്രസ്തുത ലാബുകളിൽ ടെക്നീഷ്യൻമാരായി പ്രവർത്തിക്കുന്നത് എന്ന് പരിശോധന നടത്തിയിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം യോഗ്യത ഇല്ലാത്ത ടെക്നീഷ്യൻമാരെ ക്കൊണ്ട് പ്രവർത്തിപ്പിക്കുന്ന എത്ര ലാബുകൾക്കെതിരെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; | (സി) | തിരുവനന്തപുരം ജില്ലയിൽ പബ്ലിക് ഹെൽത്ത് ആക്ട് അനുസരിച്ച് സ്വകാര്യ ലാബുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ഹെപ്പറ്റൈറ്റിസ് ബി - പോലെയുള്ള രോഗങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ആ സ്ഥലങ്ങളിലുള്ള സ്വകാര്യ ലാബുകളിലും, സ്വകാര്യ ആശുപത്രികളിലും പരിശോധന നടത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ മാത്രം നടത്തിയ പരിശോധനയിൽ യോഗ്യത ഇല്ലാത്ത ജീവനക്കാരുള്ള 112 സ്ഥാപനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് നിർദ്ദിഷ്ടയോഗ്യതയുള്ള ടെക്നീഷ്യൻമാരുടെ മേൽനോട്ടത്തിൽ മാത്രം ലാബുകൾ പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ഡി) | സ്വകാര്യ ലാബുകളെയും, സ്വകാര്യ ആശുപത്രികളെയും രജിസ്റ്റർ ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനും അധികാരം നൽകുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ ബിൽ നിയമമാകുമ്പോൾ സ്വകാര്യ ക്ലിനിക്കൽ ലാബുകളുടെ ഗുണനിലവാരം നിയന്ത്രിക്കുവാൻ സർക്കാരിന് കഴിയും എന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ